**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 507. 06.02.2013 ൽ മറുപടിയ്ക്ക്

## 'കോൺട്രാക്ക് ക്യാരേജുകൾ'

| ചോദ്യം<br>ശ്രീ. എം. ഉമ്മർ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും<br>വകുപ്പുമന്ത്രി |
|---|---|---|
| (എ) കേരളത്തിനകത്തും അയൽ സംസ്ഥാനങ്ങളിലേക്കും ദിനം പ്രതി നിരവധി 'കോൺട്രാക്റ്റ് ക്യാരേജുകൾ' വ്യക്തിഗത അഡ്വാൻസ് റിസർവേഷൻ സൗകര്യം നൽകി സർവ്വീസ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) ഇത്തരത്തിൽ സർവ്വീസ് നടത്തുന്നതിന് കോൺട്രാക്റ്റ് ക്യാരേജുകൾക്ക് അനുമതി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇത്തരം സർവ്വീസുകൾ നിർത്തലാക്കാൻ നടപടി സ്വീകരിക്കുമോ ; | (ബി) | ബന്ധപ്പെട്ട ഓഫീസിൽ നിന്നോ അല്ലെങ്കിൽ അതിർത്തി ചെക്ക്-പോസ്റ്റിൽ നിന്നോ പെർമിറ്റോ, സ്പെഷ്യൽ പെർമിറ്റോ എടുത്താണ് സർവ്വീസ് നടത്തുന്നത്. അനധികൃതമായി സർവ്വീസ് നടത്തുന്ന വാഹന ഉടമകൾ-ക്കെതിരെ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇത്തരക്കാർക്കെതിരെയുള്ള നടപടികൾ കൂട്ടുതൽ കർശനമാക്കുന്നതാണ്. |
| (സി) പ്രസ്തുത സർവ്വീസുകൾ തിരക്കുള്ള ദിവസങ്ങളിൽ അമിത തുക ഈടാക്കി യാത്രക്കാരെ ചൂഷണം ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | പൊതുജനങ്ങളിൽ നിന്നും ഇതു സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | ഇത്തരത്തിൽ സർവ്വീസ് നടത്തുന്ന സ്വകാര്യ ബസ്സുകൾ വേഗതാ പരിധി പാലിക്കുന്നില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത വാഹനങ്ങൾക്ക് സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ; | (ഡി) | കേരളത്തിൽ രജിസ്റ്റർ ചെയ്യുന്ന ഇത്തരം വാഹനങ്ങൾക്ക് സ്പീഡ് ഗവർണർ നിർബന്ധമാണ്. ഇത് കർശനമായി നടപ്പിൽ വരുത്തുന്നുമുണ്ട്. അന്യ സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങൾക്ക് സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടില്ല. |
| (ഇ) | രാത്രികാലങ്ങളിൽ പ്രസ്തുത വാഹനങ്ങളുടെ വേഗതാപരിധി പരിശോധിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ? | (ഇ) | സ്പീഡ് ഗവർണർ ഘടിപ്പിച്ചിട്ടുള്ളതിനാൽ രാത്രി കാലത്തും സുരക്ഷിതമായ വേഗത ഉറപ്പ് വരുത്തുവാൻ കഴിയും.<br>കൂടാതെ ചേർത്തല മുതൽ മണ്ണുത്തി വരെയുള്ള റോഡിൽ സ്പീഡ് ക്യാമറ സ്ഥാപിച്ചിട്ടുണ്ട്. മണ്ണുത്തി മുതൽ മഞ്ചേശ്വരം വരെയുള്ള ഹൈവേയിലും സ്പീഡ് ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. കൂടാതെ സ്പീഡ് റഡാറുകളും ഇന്റർസെപ്റ്ററുകളും ഉപയോഗിച്ചും അമിത വേഗത കണ്ടെത്തി നിയമാനുസൃതമായ നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.